"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ, പാപ്പിനിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സോണിയ.എസ്-ന് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.103/2025/H&FWD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. സ.ഉ (പി) 36/1991/ഉ.ഭ.പ.വ തീയതി 02/12/1991.
2. ശ്രീമതി.സോണിയ എസ്. 20/07/2024-ൽ സമർപ്പിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/10/2024 തീയതിയിലെ DCTVM/9999/2024-S6 നമ്പർ കത്ത്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16/11/2024 തീയതിയിലെ DHS/12177/2024-FWA4 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ, പാപ്പിനിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സോണിയ എസ്-ന് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി സ്വന്തം ജില്ലയായ തിരുവനന്തപുരത്തേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധമായ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

**2.** ശ്രീമതി സോണിയ എസ്, 11.03.2024- ൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സ്ഥിര തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ താത്ക്കാലികമായി ടിയാൾ ജോലി ചെയ്തിരുന്നു. 2014 മുതൽ Systemic Sclerosis എന്ന രോഗത്തിന് ചികിത്സയിലുള്ള അപേക്ഷക വിവിധ ആശുപത്രികളിൽ നിന്നുള്ള ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ചതിനെത്തുടർന്ന് 2022- ൽ ടിയാളുടെ വലത് കാൽമുട്ടിന് താഴെ മുറിച്ച് മാറ്റിയതായി ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റിൽ നിന്നും വെളിവാകുന്നു. വലത് കാൽമുട്ടിന് താഴെ മുറിച്ച് മാറ്റിയത് കൂടാതെ ശ്രീമതി സോണിയയുടെ ഇടത് കാൽ വിരലുകളും മുറിച്ച് മാറ്റപ്പെട്ടതായും ടിയാളുടെ ഭർത്താവ് 40% അംഗപരിമിതനാണെന്നും മാതാവ് ക്യാൻസർ രോഗിയാണെന്നും ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പി.എസ്.സി മുഖേന നിയമിക്കപ്പെട്ട ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുവാൻ കഴിയുകയുള്ളൂ. 11.03.2024-ൽ കണ്ണൂർ പാപ്പിനിശേരി സാമൂഹാകാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.സോണിയ എസ്., കണ്ണൂർ ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അനുകമ്പാർഹമായ പരിഗണന നൽകി തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന അപേക്ഷ പരിഗണനാർഹമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിരുന്നു. ശ്രീമതി സോണിയ എസ് - ന്റെ ദുർബല ആരോഗ്യ സ്ഥിതി കണക്കിലെടുക്കുമ്പോൾ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നതിൽ അനുകമ്പാർഹമായ പരിഗണന അർഹിക്കുന്നതായി തിരുവനന്തപുരം ജില്ലാ കളക്ടറും പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.സോണിയ എസ്-ന്റെ അനുകമ്പാർഹമായ ജീവിതസാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിൽ ടിയാൾ പരിഗണന അർഹിക്കുന്നു. ആയതിനാൽ, കണ്ണൂർ പാപ്പിനിശേരി സാമൂഹാകാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സോണിയ എസ്-ന്, ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത്, പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (1) ലെ വ്യവസ്ഥയിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി.സോണിയ എസ്, ജൂനിയർ പബ്ലിക് ഹെൽത്ത് ഗ്രേഡ് II, പാപ്പിനിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം, കണ്ണൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കണ്ണൂർ/ തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പാപ്പിനിശ്ശേരി, കണ്ണൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

പൊതു ഭരണ (എസ് സി ) വകുപ്പ് (26/3/2025 തീയതിയിലെ ഇനം നമ്പർ 2823 പ്രകാരം

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (C1/237/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 29-03-2025 11:21:28

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.